**കേരള സർക്കാർ**

**വനം – വന്യജീവി വകുപ്പ് – സർക്കാർ സഹോദര വകുപ്പുകൾ/പൊതു മേഖലാ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയ്ക്ക് ചന്ദനം അനുവദിക്കുന്നതിനുള്ള വ്യവസ്ഥകൾ പുതുക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

വനം വന്യജീവി വകുപ്പ്

സ.ഉ. (എം.എസ്) നം. 39/07/വനം തീയതി: തിരുവനന്തപുരം, 13.06.07

പരാമർശം: 1) സ.ഉ. (എം.എസ്) നം. 48/00/വനം തീയതി: 07.09.2000
2) 18.09.2001 1578/B2/ 2001/വനം നമ്പർ സർക്കാർ കത്ത്
3) 03.05.2007 ലെ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം) മന്റ പ്രൊ (5)–20982/2004 നമ്പർ കത്ത്

## ഉത്തരവ്

സർക്കാർ സഹോദര വകുപ്പുകൾ/പൊതു മേഖലാ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയ്ക്ക് ചന്ദനം, ലേലത്തിൽ പങ്കെടുക്കാതെ ഡിപ്പോകളിൽ നിന്നും പരാമർശം 1 ലെ ഉത്തരവിലേയും പരാമർശം 2 ലെ സർക്കാർ കത്തിലേയും വ്യവസ്ഥകൾക്ക് വിധേയമായി അനുവദിച്ച് നൽകുന്നതിൽ സെന്റേജ് ചാർജ്ജ്, വില ഈടാക്കൽ എന്നിവയെ സംബന്ധിച്ച് അവ്യക്തത നിലനിൽക്കുന്നതിനാൽ, നിലവിലുള്ള വ്യവസ്ഥകൾ തഴെ പറയും പ്രകാരം പുതുക്കി നിശ്ചയിച്ചുകൊണ്ട് ഉത്തരവാകുന്നു.

**ചന്ദനം ലഭിക്കുന്നതിന് അപേക്ഷ നൽകേണ്ട വിധം:**

1. ചന്ദനം ആവശ്യമുള്ള സഹോദര വകുപ്പുകൾ/പൊതു മേഖലാ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവർ അതത് വകുപ്പ് സ്ഥാപനത്തിന്റെ തലവൻ മുഖാന്തിരം ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം)ന് അപേക്ഷ നൽകേണ്ടതാണ്.
2. ചന്ദനത്തിന്റെ ആവശ്യകതയെ സംബന്ധിച്ച വിശദമായ വിവരം സഹിതം വെള്ളക്കടലാസിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷക്ക് പ്രത്യേക ഫീസ്സോ,റവന്യൂ സ്റ്റാമ്പോ ആവശ്യമില്ല.
3. ചന്ദനത്തിന്റെ ലഭ്യത അനുസരിച്ച് മാത്രമേ ചന്ദനം നൽകുവാൻ കഴിയുകയുള്ളു.
4. അപ്രകാരം ലഭിക്കുന്ന അപേക്ഷകൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം) മറയൂർ ചന്ദന ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക്

ചന്ദനത്തിൻെറ ലഭ്യത അറിയിക്കാനായി 7 ദിവസത്തിനകം അയച്ചു കൊടുക്കേണ്ടതാണ്.

5. അപേക്ഷ കിട്ടിയാലുടൻ തന്നെ ചന്ദന ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്ന ഉൽപ്പന്നത്തിന്റെ ലഭ്യതയും അപേക്ഷകർക്ക് ഉൽപ്പന്നങ്ങൾ അനുവദിക്കാവുന്നതാണോ എന്നും പരിശോധിച്ച് 7 ദിവസത്തിനകം സംരക്ഷണ വിഭാഗം ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് വ്യക്തമായി റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

6. ചന്ദന ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ റിപ്പോർട്ട് കിട്ടി 7 ദിവസത്തിനകം ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം) അപേക്ഷയിൽ യുക്തമായ തീരുമാനം എടുത്ത് ചന്ദനം അനുവദിക്കാവുന്ന പക്ഷം ബന്ധപ്പെട്ട അപേക്ഷ തന്റെ ശുപാർശയോടുകൂടി സർക്കാരിലേയ്ക്ക് സമർപ്പിക്കേണ്ടതാണ്.

7. എന്തെങ്കിലും കാരണത്താൽ അപേക്ഷ അനുവദിക്കാൻ നിവർത്തിയില്ലെങ്കിൽ പ്രസ്തുത വിവരം ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം) അപേക്ഷകനെ അറിയിക്കേണ്ടതാണ്.

8. ഇങ്ങനെ ചന്ദനം അനുവദിക്കാനുള്ള ശുപാർശയോടുകൂടി സർക്കാരിന് കിട്ടുന്ന അപേക്ഷകളിന്മേൽ സർക്കാർ 30 ദിവസത്തിനുള്ളിൽ ഉചിതമായ തീരുമാനം (അനുവദിച്ചുകൊണ്ടുള്ള/നിരസിച്ചുകൊണ്ടുള്ള) എടുത്ത് ചീഫ് ഫോറസ്റ്റ് കൺസർവേറ്ററെയും അപേക്ഷകനെയും അറിയിക്കേണ്ടതാണ്.

**<u>ചന്ദനം തിരഞ്ഞെടുക്കലും വില അടക്കലും</u>**

9. മറയൂർ ചന്ദന ഡിവിഷനിലെ മറയൂർ ചന്ദന ഡിപ്പോയിൽ നിന്നും ചന്ദനം തെരഞ്ഞെടുക്കുമ്പോൾ, തെരഞ്ഞെടുക്കുന്നതിനു് തൊട്ട് മുൻപ് നടന്ന ചന്ദന ലേലത്തിൽ ആ വിഭാഗത്തിന്റെ ശരാശരി വിലയുടെ 125% (നൂറ്റി ഇരുപത്തിയഞ്ച്) വില കണക്കാക്കി, അതിന്മേൽ 21% സെൻേറജ് ചാർജ്ജ്, നിലവിലുള്ള വനവികസന നികുതി, വിൽപ്പന നികുതി മറ്റ് സർചാർജ്ജുകൾ, സെസ്സുകൾ എന്നിവയ്ക്ക് കൂടി ചെല്ലാൻ നൽകേണ്ടതാണ്. കൂടാതെ നിലവിലുള്ള വരുമാന നികുതിയും ഈടാക്കേണ്ടതാണ്.

10. ചെല്ലാൻ പ്രകാരമുള്ള വിലയും, നികുതികളും അടച്ച് ചന്ദനം നീക്കം ചെയ്യുന്നതിന് ചെല്ലാൻ തീയതി മുതൽ 15 ദിവസത്തെ കാലാവധി അനുവദിക്കാവുന്നതാണ്.

11. അത്യാവശ്യ സാഹചര്യത്തിൽ പണം അടയ്ക്കുന്നതിനും ചന്ദനം നീക്കം ചെയ്യുന്നതിനും 18% പലിശയും 2.1/2% സർചാർജ്ജും തറവാടകയും

ഈടാക്കിക്കൊണ്ട് ഡിവിഷണൽ ഫോറസ്റ്റാഫീസർക്ക് 15 ദിവസത്തെ കാലാവധി ദീർഘിപ്പിച്ച് നൽകാവുന്നതാണ്.

**പൊതു വ്യവസ്ഥകൾ:**

12. ഇപ്രകാരം ദീർഘിപ്പിച്ച കാലാവധിക്കുള്ളിലും പണം അടച്ച് ചന്ദനം നീക്കം ചെയ്യാതെ ബന്ധപ്പെട്ട സഹോദര വകുപ്പുകൾ/ സ്ഥാപനങ്ങൾ/ആരാധനാലയങ്ങൾ/വിദ്യാഭ്യാസസ്ഥാപനങ്ങൾ. വീഴ്ച വരുത്തുകയാണെങ്കിൽ നിയമാനുസൃതം ഉള്ള നോട്ടീസ് നൽകിയതിനുശേഷം അടുത്ത ലേലത്തിൽ ബന്ധപ്പെട്ടവരുടെ നഷ്ടോത്തരവാദിത്വത്തിൽ ചന്ദനം ലേലം ചെയ്ത് വിൽക്കാവുന്നതാണ്.

13. സർക്കാർ വകുപ്പുകൾ, സർക്കാർ ഉടമസ്ഥതയിലുള്ള ബോർഡുകൾ കോർപ്പറേഷനുകൾ//ആരാധനാലയങ്ങൾ/വിദ്യാഭ്യാസസ്ഥാപനങ്ങൾ എന്നിവ ചന്ദനം തിരഞ്ഞെടുത്ത് യഥാസമയം പണമടച്ച് ഉൽപ്പന്നങ്ങൾ നീക്കം ചെയ്യുന്നതിനു് താമസം വരുത്തുന്ന പക്ഷം, ടി സ്ഥാപനങ്ങളുടെ നഷ്ടോത്തരവാദിത്വത്തിൽ ലേലം നടത്തിയാൽ എന്തെങ്കിലും നഷ്ടം സംഭവിക്കുകയാണെങ്കിൽ അത് ഈടാക്കുന്നതിന് സമ്മതമാണെന്നും കാണിച്ചുകൊണ്ടുള്ള ഒരു സമ്മതപത്രം കൂടി ചന്ദനം തിരഞ്ഞെടുക്കുന്ന സമയത്തിന് മുൻപ് 50 രൂപ മുദ്രക്കടലാസിൽ വാങ്ങേണ്ടതാണ്.

14. ചന്ദനം പൂർണ്ണമായി ഉപയോഗിച്ചതിന് തെളിവായി ബന്ധപ്പെട്ട സ്ഥാപനം മറയൂർ ഡിവിഷണൽ ഫോറസ്റ്റാഫീസർക്ക് ഉപയോഗിച്ച് കഴിഞ്ഞാലുടൻ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് അയച്ചു കൊടുക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
എൽ. രാധാകൃഷ്ണൻ,
സെക്രട്ടറി.

1. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, തിരുവനന്തപുരം.
2. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം), തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.

പകർപ്പ്: 1. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
2. വനം-ഭവന നിർമ്മാണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
3. പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി.

ഉത്തരവിൻ പ്രകാരം
ഒപ്പ്
സെക്ഷൻ ഓഫീസർ